## സ വൈ പുംസാം പരോ ധർമ്മോ യതോ ഭക്തിരധോക്ഷജേ
## അഹൈതുക്യപ്രതിഹതാ യയാത്മാ സംപ്രസീദതി (1-2-6)

സൂതൻ പറഞ്ഞു:
വിശുദ്ധമനസ്കരായ നിങ്ങളുടെ അഭ്യർത്ഥന ശ്ലാഘനീയംതന്നെ. ശ്രീകൃഷ്ണഭഗവാൻെറ മഹിമയാർന്ന ലീലാകഥകളാണല്ലോ നിങ്ങളെന്നോടു പറയുവാൻ ആവശ്യപ്പെട്ടത്. മനുഷ്യൻ എല്ലായ്പ്പോഴും ശ്രീകൃഷ്ണനിലുളള ഭക്തി വർദ്ധിപ്പിക്കാനുതകുന്ന കാര്യങ്ങളിൽ ഏർപ്പെടേണ്ടതാണ്. എന്തെന്നാൽ സ്വാർത്ഥലാഭമോഹരഹിതമായ ഭക്തിയുടെ ഫലമായി മനുഷ്യൻ സച്ചിദാനന്ദസ്വരൂപമായ ദൈവപദം പ്രാപിക്കുന്നു.

പാരമ്പര്യസംസ്കാരം മനുഷ്യന് നാലുതരം നേട്ടങ്ങൾ പറഞ്ഞിരിക്കുന്നു. ധർമ്മം, അർത്ഥം, കാമം, മോക്ഷം. ഒരുവൻ തൻെറകടമ അതെത്രഭംഗിയായിത്തന്നെനിർവഹിച്ചാലും ഭഗവൽഭക്തിയിൽ കൂടുതൽ താത്പര്യമുളവാക്കുവാൻ പര്യാപ്തമല്ലെങ്കിൽ വ്യർത്ഥമത്രെ. ധനസമ്പാദനത്തിനായി മാത്രം ഒരുവൻ തൻെറകടമകൾ നിർവഹിക്കരുത്. ധനമാകട്ടെ സുഖഭോഗങ്ങൾക്കായിമാത്രം ഉപയോഗിക്കയുമരുത്. ധർമ്മപ്രവൃത്തികൾക്കായിവേണം അതുവിനിയോഗിക്കുവാൻ. ഇന്ദ്രിയസുഖങ്ങൾ ജീവിതത്തിൻെറ പ്രകൃതിയാണ്. ആയത് ലക്ഷ്യമോ മാർഗ്ഗമോ ആയിക്കൂടാ. കാരണം ജീവിതോദ്ദേശം ഉന്നതമായ ഒന്നാണ്. അതത്രേ മുക്തി. പരമവിജ്ഞാനം. സത്തിനെകണ്ടെത്തൽ. ഈപരമസത്യത്തെത്തന്നെ ദൈവമെന്നും പരമാത്മാവെന്നും ജ്ഞാനികൾ പറയുന്നു.

ഒരുവനെ പരമപദത്തിലേക്കാനയിക്കുന്ന വഴികൾ ഇനി പറഞ്ഞുതരാം. തീർത്ഥയാത്രചെയ്യുന്ന ഒരുവൻ പലതീർത്ഥങ്ങളിലായി ദിവ്യപുരുഷന്മാരേയും മുനിമാരേയും കാണാനിടയാവുകയും അവരെ ശുശ്രൂഷിക്കുകയും ചെയ്യുന്നു. അവരിൽനിന്ന് വാസുദേവൻെറ, ശ്രീകൃഷ്ണഭഗവാൻെറ, കഥകൾകേൾക്കുന്ന അവൻെറമനസ്സിൽ ദുഷ്പ്രവണതകൾക്കുപകരം ഭഗവൽപ്രേമം ഉണരുകയും ഹൃദയം നിർമ്മലമാവുകയും ചെയ്യുന്നു. ഭഗവാൻ സത്വഗുണസ്വരൂപനാകയാൽ രജോ-തമോഗുണജന്യങ്ങളായ ദുഷ്ച്ചിന്തകളെ പാടേനിർമ്മാർജനം ചെയ്യുവാൻ ഹൃദയത്തിലെ ഈ പരമപ്രേമത്തിനുകഴിയും. പിന്നീട് സംശയമന്യേ, കാലതാമസംകൂടാതെ അവന് തൻെറ ആത്മബോധം പരമാത്മബോധംതന്നെയാണെന്ന തിരിച്ചറിവുണ്ടാകുന്നു. അതുമാത്രമാണ് സത്യമെന്നും അവനറിയുന്നു. ഈ ആത്മബോധത്തെയാണ് എല്ലാവേദപുരാണങ്ങളും ലക്ഷ്യമാക്കുന്നത്. എല്ലാ കർമ്മങ്ങളും, പൂജാവിധികളും, ധർമ്മമാർഗ്ഗങ്ങളും, വിജ്ഞാനസമ്പാദനവും, ജീവിതായോധനവും ഇതിനെത്തന്നെയാണ് ലക്ഷ്യമാക്കുന്നത്. അന്തിമവിശകലനത്തിൽ അതുമാത്രമേ സത്യമായുള്ളൂ. തുടക്കത്തിൽ സ്വപ്രഭാവത്തിൽനിന്നും മൂന്ന് സ്വഭാവഗുണങ്ങൾ-സത്വ-രജസ്-തമോ ഗുണങ്ങൾ - ജനിച്ചു. ഇക്കാണുന്നതും അല്ലാത്തതുമായ എല്ലാം ആ ശ്രീകൃഷ്ണഭഗവാൻതന്നെ. കത്തുന്ന കനലിൻെറരൂപഭാവങ്ങളാർജ്ജിക്കുന്ന തീപോലെ എല്ലാറ്റിലും അനന്തകോടിരൂപങ്ങളിലും ജ്വലിച്ചു നിൽക്കുന്ന സത്ത് ആ പ്രഭാവമത്രെ. അതേ തിരുവടികളാണ് ദേവതകളായും, സൃഷ്ടികർത്താവായ ബ്രഹ്മാവായും, സംരക്ഷകനായ വിഷ്ണുവായും, സംഹാരകനായ ശിവനായും പ്രത്യക്ഷനാവുന്നത്. എന്നിരുന്നാലും പരമപദപ്രാപ്തിക്കായും ജീവന്മുക്തിക്കായും ഭക്തിരൂപേണ വിഷ്ണുവിനെ പൂജിക്കയാണ് ഏറ്റവും നല്ലമാർഗ്ഗം. എന്തെന്നാൽ ഭഗവാൻ പരിപൂർണ്ണവും നിർമ്മലവുമായ സത്യമത്രെ.